©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

വാല്യം 7
Vol. VII

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2018 ഒക്ടോബർ 23
23rd October 2018
1194 തുലാം 6
6th Thulam 1194
1940 കാർത്തികം 1
1st Karthika 1940

നമ്പർ
No. 42

# PART III

# Police Department

ലേല പരസ്യം

നമ്പർ ഇ2-8270/2016/എൻ.

2018 ഒക്ടോബർ 4.

പത്തനംതിട്ട ജില്ലയിലെ പോലീസ് വകുപ്പ് വക താഴെപ്പറയുന്ന വാഹനങ്ങൾ 2018 നവംബർ 2 പകൽ 10 മണിക്ക് പത്തനംതിട്ട ജില്ലാ സായുധ സേനാ ക്യാമ്പിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

| ക്രമ നമ്പർ | വാഹന രജിസ്ട്രേഷൻ നമ്പർ | വാഹന ഇനം | മോഡൽ | നിരതദ്രവ്യം ` |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | KL-01-AS 6188 | BOLERO INVADER | 2008 | 6,000 |
| 2 | KL-01-AQ 7066 | BOLERO INVADER | 2007 | 6,000 |
| 3 | KL-01-AU 2958 | BOLERO INVADER | 2008 | 6,500 |
| 4 | KL-01-AU 2965 | BOLERO INVADER | 2008 | 6,000 |
| 5 | KL-01-AQ 8180 | BOLERO INVADER | 2007 | 6,500 |
| 6 | KL-01-AQ 8153 | BOLERO INVADER | 2007 | 5,500 |
| 7 | KL-01-AQ 8186 | BOLERO INVADER | 2007 | 6,000 |
| 8 | KL-01-AQ 7065 | BOLERO INVADER | 2007 | 6,000 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 9 | KL-01-AS 6280 | BOLERO INVADER | 2008 | 3,500 |
| 10 | KL 01 X 9342 | TATA 709 OPEN LORRY | 2002 | 9,000 |
| 11 | KL 01 Z 173 | TELCO LMV MINI BUS | 2002 | 7,500 |
| 12 | KL 01 AH 2259 | BAJAJ CT 100 | 2005 | 150 |
| 13 | KL 01 AG 6533 | BAJAJ CT 100 | 2005 | 150 |
| 14 | KL 01 AH 5696 | BAJAJ CT 100 | 2005 | 150 |
| 15 | KL 01 AH 6556 | BAJAJ CT 100 | 2005 | 150 |
| 16 | KL 01 X 9760 | HERO HONDA CD 100 | 2002 | 170 |
| 17 | KL 01 X 9537 | HERO HONDA CD 100 | 2002 | 75 |
| 18 | KL 01 X 9768 | HERO HONDA CD 100 | 2002 | 175 |
| 19 | KL 01 X 9767 | HERO HONDA CD 100 | 2002 | 170 |
| 20 | KL 01 X 9766 | HERO HONDA CD 100 | 2002 | 175 |
| 21 | KL 01 X 2280 | HERO HONDA CD 100 | 2005 | 150 |
| 22 | KL 01 X 6528 | HERO HONDA CD 100 | 2005 | 150 |
| 23 | KL 01 X 9232 | MARUTHI VAN | 2002 | 3,000 |
| 24 | KL 01 X 9433 | MARUTHI VAN | 2002 | 4,000 |

പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർക്ക് അന്നേ ദിവസം പകൽ 10 മണിക്ക് മുൻപായി പത്തനംതിട്ട ജില്ലാ സായുധസേനാ ക്യാമ്പിൽ ഓരോ വാഹനത്തിന്റെയും പേർക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം കെട്ടി വെച്ച് രസീത് വാങ്ങി വകുപ്പുതല നിബന്ധനകൾക്കും നിയമങ്ങൾക്കും വിധേയമായി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന വ്യക്തിയുടെ പേർക്ക് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതും ടിയാൻ ലേല തുകയുടെ പകുതി തുക (നിരത ദ്രവ്യം കുറച്ച്) ലേല സ്ഥലത്ത് വെച്ച് തന്നെ ഒടുക്കേണ്ടതുമാണ്. ബാക്കി തുകയും ലേലം ഉറപ്പിച്ച തുകയുടെ നിയമാനുസൃതമായ നിലവിലുള്ള നികുതികൾ [സ്ക്രാപ് ആയി വിൽക്കുന്ന വാഹനങ്ങൾ 18 % (GST) അല്ലാത്തവ 18 % (GST)] സഹിതം ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ഒടുക്കേണ്ടതും സ്വന്തം ചെലവിൽ വാഹനം നീക്കം ചെയ്യേണ്ടതുമാണ്. മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിക്കുന്നപക്ഷം ടിയാൻ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും പുനർലേലം ചെയ്യുന്നതുമാണ്. പുനർ ലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ആദ്യം ലേലം കൊണ്ട ആളിൽ നിന്നും ഈടാക്കുന്നതും കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാന് അർഹത ഉണ്ടായിരിക്കുന്നതുമല്ല. ലേലം സംബന്ധിച്ച നടപടിക്രമങ്ങൾ പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ പൂർണ്ണ അധീനതയിലായിരിക്കും. യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വെയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടികൾ റദ്ദ് ചെയ്യുന്നതിനും അധികാരമുണ്ടായിരിക്കുന്നതുമാണ്. ലേലത്തിന് നിശ്ചിക്കപ്പെട്ട വാഹനങ്ങൾ ജില്ലാ പോലീസ് മേധാവിയുടെ മുൻകൂർ അനുമതിയോടെ അതത് യൂണിറ്റ് മേധാവിയുടെ സാന്നിധ്യത്തിൽ ലേലത്തീയതിക്ക് മുൻപായുള്ള 10 പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണിവരെ കാണുന്നതിനും പരിശോധിക്കുന്നതിനും അനുവദിക്കുന്നതാണ്.

ലേലം സംബന്ധമായ വിശദവിവരങ്ങൾ പത്തനംതിട്ട ജില്ലാ സായുധ സേനാക്യാമ്പിൽ ലഭ്യമാക്കുന്നതും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.

District Police Office,
Pathanamthitta.

Narayanan, T. IPS,
*Superintendent of Police.*

ലേല പരസ്യം

നമ്പർ ഇ2-51954/2017/കെ. 2018 ഒക്ടോബർ 8.

കോട്ടയം ജില്ലാ പോലീസ് ഡിസ്ട്രിക്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ സൂക്ഷിച്ചിരിക്കുന്നതും പോലീസ് വകുപ്പിന് ഉപയോഗം ഇല്ലാത്തതുമായ ചുവടെ ചേർത്തിരിക്കുന്ന വാഹനങ്ങൾ 5-11-2018-ാം തീയതി പകൽ 11 മണിക്ക് കോട്ടയം ജില്ലാ പോലീസ് ഡിസ്ട്രിക്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ (സായുധസേനാ ക്യാമ്പിൽ) വച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പരും വാഹന ഇനവും | മോഡൽ | നിരതദ്രവ്യം |
|---|---|---|---|
| 1 | KL 01 X 9955 Tata 709 E Bus | 2002 | 5,500 |
| 2 | KL 01 X 9474 Tata 709 E Bus | 2002 | 5,000 |
| 3 | KL 01 Z 747 Tata 709 Bus | 2002 | 9,500 |
| 4 | KL 01 AQ 7087 Invader | 2007 | 9,000 |
| 5 | KL 01 AQ 7079 Invader | 2007 | 9,000 |
| 6 | KL 01 AQ 7091 Invader | 2007 | 9,000 |
| 7 | KL 01 AQ 7095 Invader | 2007 | 8,000 |
| 8 | KL 01 AN 504 Sumo | 2006 | 6,000 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ഇതിലേക്ക് സീൽ ചെയ്ത ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകളുടെ പുറത്ത് കണ്ടം ചെയ്ത ഡിപ്പാർട്ട്മെന്റ് വാഹനങ്ങളുടെ ക്വട്ടേഷൻ എന്നെഴുതി കോട്ടയം ജില്ലാ പോലീസ് മേധാവിക്ക് 3-11-2018-ാം തീയതിക്ക് മുമ്പായി ലഭിക്കത്തക്കവിധം നേരിട്ടോ തപാൽ മുഖേനയോ നൽകാവുന്നതാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം അടച്ച രസീതുമുണ്ടായിരിക്കണം.

ലേലം കഴിഞ്ഞാലുടൻ ക്വട്ടേഷനുകൾ തുറക്കുന്നതും ലേലത്തിലോ ക്വട്ടേഷനിലോ ഏതിലാണോ കൂടുതൽ തുക വരുന്നത് ആ ആളിന് ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതും ടിയാൻ ലേലസംഖ്യയുടെ പകുതിയും മൊത്തം തുകയുടെ വിൽപ്പന നികുതിയും അപ്പോൾത്തന്നെ അടയ്ക്കേണ്ടതും ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ചാലുടൻ ബാക്കി തുക അടച്ച് ടി സാധനങ്ങൾ സ്വന്തം ചിലവിൽ കോട്ടയം ജില്ലാ പോലീസ് ഡിസ്ട്രിക്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ നൽകുന്നതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ മുഴുവൻ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ലേലം കൊണ്ടയാളിൽനിന്ന് ഈടാക്കുന്നതും കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാന് അർഹത ഉണ്ടായിരിക്കുന്നതുമല്ല. മേൽപ്പറഞ്ഞ വാഹനങ്ങൾ ലേലത്തീയതിക്ക് തൊട്ട് മുൻപുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണിവരെയുള്ള സമയത്ത് കോട്ടയം ജില്ലാ പോലീസ് ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേഴ്സിൽ ബന്ധപ്പെട്ടവരുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റിവെയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം കോട്ടയം പോലീസ് മേധാവിക്കുണ്ടായിരിക്കുന്നതാണ്.

ജില്ലാ പോലീസ് ഓഫീസ്,
കോട്ടയം.

**ഹരിശങ്കർ ഐപിഎസ്,**
ജില്ലാ പോലീസ് മേധാവി.

ലേല പരസ്യം

നമ്പർ ഇ2-9093/2016/ഐആർബി. 2018 ഒക്ടോബർ 11.

തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ അധീനതയിലുള്ളതും തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (എം. റ്റി.)-ന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ താഴെ പറയുന്ന വകുപ്പ് വാഹനങ്ങൾ 9-11-2018-ാം തീയതി പകൽ 11 മണിക്ക് തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (എം. റ്റി.)-ന്റെ ഓഫീസ് പരിസരത്ത് വെച്ച് ദർഘാസ്/പരസ്യ ലേലം വഴി വില്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്റ്റർ നമ്പരും വാഹന ഇനവും | മോഡൽ | നിരതദ്രവ്യം |
|---|---|---|---|
| 1 | കെ.എൽ 01 എക്സ് 9375 ഒപ്പൺ ലോറി | 2002 | 6,000 |
| 2 | കെ.എൽ 01 എ.ഇ 741 ടാറ്റ ഇൻഡിഗോ | 2004 | 2,500 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് തന്നെ മേൽപ്പറഞ്ഞ നിരക്കിലുള്ള നിരതദ്രവ്യം ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങിയിരിക്കേണ്ടതും കൃത്യസമയത്ത് ലേല സ്ഥലത്ത് ഹാജരായിരിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ ലേലത്തിന് മുദ്രവെച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ കമാണ്ടന്റിന്റെ കാര്യാലയത്തിൽ 7-11-2018-ാം തീയതി 4 മണിക്ക് മുൻപായി ലഭിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ കമാണ്ടന്റിന്റെ പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ നിരതദ്രവ്യം അടച്ച് രസീത് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ അടക്കം ചെയ്ത കവറിനു മുകളിൽ "വാഹന ലേലത്തിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ വകുപ്പ് വാഹനങ്ങളുടെ രജിസ്റ്റർ നമ്പരുകളും ഇതോടൊപ്പം വ്യക്തമാക്കേണ്ടതാണ്.

പരസ്യലേലം കഴിഞ്ഞയുടൻ ബന്ധപ്പെട്ടവരുടെ മുന്നിൽ വെച്ച് ദർഘാസുകൾ തുറക്കുന്നതും പരസ്യലേലത്തിൽ അഥവാ ദർഘാസിൽ ഏതിലാണോ കൂടുതൽ തുകയുള്ളത് ആയതിന് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലം കൈക്കൊണ്ടയാൾ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ

നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വെച്ച് അപ്പോൾ തന്നെ അടച്ച് രശീതി വങ്ങേണ്ടതുമാണ്. ബാക്കി തുക നികുതി ഉൾപ്പെടെ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് തീയതി മുതൽ പത്ത് ദിവസത്തിനകം അടച്ചതിനുശേഷം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ലേലവസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്. ലേലം/ദർഘാസ് നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ച് നൽകുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും മേൽ പറഞ്ഞ വകുപ്പ് വാഹനങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും പുനർ ലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻലേലക്കാരനിൽനിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിന് നിശ്ചയിച്ചിരിക്കുന്ന വകുപ്പ് വാഹനങ്ങൾ ലേല തീയതിക്ക് മുൻപുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണിവരെ ഏതെങ്കിലും സമയത്ത് തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്(എം. റ്റി.)-ന്റെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

യുക്തമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തിവയ്ക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടി ക്രമങ്ങൾ റദ്ദ് ചെയ്യുന്നതിനും തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ കമാണ്ടന്റ്-ന് അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച് തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ കമാണ്ടന്റിന്റെ തീരുമാനം അന്തിമമാണ്.

ഇന്ത്യ റിസർവ് ബറ്റാലിയൻ,
തൃശ്ശൂർ.

ഹരിലാൽ, വി. വി.
കമാണ്ടന്റ്.